# നമ്മുടെ ജീവിതത്തിൽ നിർമ്മലതയുടെ പ്രാധാന്യം

സാക് പുന്നൻ

WFTW 22 നവംബർ 2015

1 തെസ്സലോനിക്യർ 4:18 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് ലൈംഗിക മേഖലയിലെ നിർമ്മലതയെ പറ്റി സംസാരിക്കുന്നു. 1 തെസ്സിലോനിക്യർ 4:4 സാധ്യമായ 2 വിധങ്ങളിൽ പരിഭാഷപ്പെടുത്താം. ഇവിടെ 'പാത്രം' എന്ന വാക്ക് (ഗ്രീക്കിൽ സ്കിയോസ്) പാരാമർശിക്കുന്നത് ഒന്നുകിൽ നമ്മുടെ ശരീരത്തെ ആകാം അല്ലെങ്കിൽ നമ്മുടെ ഭാര്യയെ ആകാം.

ആതുകൊണ്ട് അത് ഇങ്ങനെ അർത്ഥമാക്കാം. 'നിങ്ങളിൽ ഓരോരുത്തനും വിശുദ്ധിയിലും മാനത്തിലും താന്താൻറെ ശരീരത്തെ നേടുന്നതെങ്ങനെയെന്ന് അറിയണം.' നാം നമ്മുടെ ശരീരത്തെ വിശുദ്ധവും നിർമ്മലവുമായി സൂക്ഷിക്കാൻ പഠിക്കണം, കാരണം ദൈവത്തിൻറെ ഇഷ്ടം നാം ശുദ്ധീകരിക്കപ്പെടണമെന്നുള്ളതാണ് (1തെസ്സ. 4:3). ദൈവത്തിൻറെ ഇഷ്ടം എന്താണെന്നു നമുക്കറിയാൻ പറ്റാത്ത അനേകം മേഖലകളുണ്ട്. എന്നാൽ ദൈവ ഇഷ്ടം എന്താണെന്നു നിശ്ചയമായി നമുക്ക് അറിയാവുന്ന ഒരു മേഖല ഇതാണ്. പാപകരമായതും, ലൗകീകമായതും, ക്രിസ്തു തുല്യമല്ലാത്തതുമായ എല്ലാത്തിൽ നിന്നും വേർപെട്ടിരിക്കുക എന്നതാണ് വിശുദ്ധീകരിക്കപ്പെടുക എന്നതിൻറെ അർത്ഥം. ഇത്തരത്തിലുള്ള എല്ലാ തിന്മകളിൽ നിന്നും നമ്മുടെ ശരീരത്തെ സ്വതന്ത്രമായി സൂക്ഷിക്കുന്നതെങ്ങനെയെന്നു നാം പഠിക്കണം.

1 തെസ്സ. 4:4 ഇങ്ങനെയും അർത്ഥമാക്കാം: 'നിങ്ങളിൽ ഓരോരുത്തനും വിശുദ്ധിയിലും മാനത്തിലും നിങ്ങളുടെ ഭാര്യയെ നേടുന്നത് എങ്ങനെയെന്ന് അറിയണം.' അത് അർത്ഥമാക്കുന്നത്, നിങ്ങൾ നിങ്ങളുടെ ഭാര്യയെ നേടുന്നത് വിശുദ്ധവും നിർമ്മലുമായ ഒരു മാർഗ്ഗത്തിലൂടെ ആയിരിക്കണം എന്നാണ്. തങ്ങൾക്കു ഭാര്യമാരെ നേടുന്നതിന് ആളുകൾ ശ്രമിക്കാറുള്ള അനേകം അശുദ്ധമായ രീതികൾ ഉണ്ട്. സ്ത്രീധനത്തിനായി അന്വേഷിക്കുക എന്നത് അത്തരത്തിലുള്ള അശുദ്ധമായ രീതികളിൽ ഒന്നാണ്. നിങ്ങൾ ഭാര്യയ്ക്കായി തിരയുമ്പോൾ വിശുദ്ധമായ ഒരു മാർഗ്ഗത്തിലാണോ, അതോ ലൗകികമായ യോഗ്യതകൾക്കായാണോ നിങ്ങൾ നോക്കുന്നത്. 'മോഹപരമായ വാഞ്ഛയിൽ' ഒരു ഭാര്യയ്ക്കുവേണ്ടി അന്വേഷിക്കുക എന്നത് ജാതികൾ ഒരു ഭാര്യയ്ക്കു വേണ്ടി തിരയുന്നതു പോലെയാണ്. എന്നാൽ നിങ്ങൾക്കു ദൈവത്തെ സേവിക്കണമെങ്കിൽ, നിങ്ങൾക്കുള്ള അതേ അളവിൽ ദൈവഭക്തിക്കൊത്ത ആഗ്രഹം ഉള്ള ഒരു ഭാര്യയ്ക്കായി നിങ്ങൾ അന്വേഷിക്കണം.

1 തെസ്സലോനിക്യർ 4:6ൽ പൗലൊസ് തുടർന്നു പറയുന്നു 'ഈ കാര്യത്തിൽ ആരും തൻറെ സഹോദരനെ വഞ്ചിക്കരുത്.' അതിൻറെ അർത്ഥം 'മറ്റൊരാളിൻറെ ഭാര്യയുമായി അധികം ചങ്ങാത്തത്തിലാകരുത്' എന്നാണ്. കാരണം, 'അപ്രകാരം ചെയ്യുന്നവരോടു പ്രതികാരം നടത്തുന്നത് ദൈവമാണ്.' എതിർ ലിംഗത്തിലുള്ള ആളുകളുമായി നമുക്കുള്ള ബന്ധങ്ങളിൽ നാം വളരെ ശ്രദ്ധാലുക്കളായിരിക്കേണ്ടതാണ്. കാരണം തെസ്സലോനിക്യർ ജീവിച്ചിരുന്നത് ലൈംഗിക അസാന്മാർഗ്ഗികത പാപകരമായി കണക്കാക്കാതിരുന്ന ഒരു സമൂഹത്തിലായിരുന്നു. അതിനോടു വളരെ സമാനമായ ഒരു സമൂഹത്തിലാണ് ഇന്നു നാമും ജീവിക്കുന്നത്. നിർഭാഗ്യവശാൽ, ഈ നാളുകളിൽ സഭകളിലെ യുവാക്കളിലും, ക്രിസ്തീയ പ്രവർത്തകരുടെ ഇടയിൽ പോലും ധാരാളം അസാന്മാർഗ്ഗികത നടമാടുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ, നാം ലോകത്തിൽ നിന്നു വ്യത്യസ്തരായി, ഈ മേഖലിൽ നമുക്കു ശുദ്ധമായ ഒരു സാക്ഷ്യം

ഉണ്ടായിരിക്കണമെന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ഈ മേഖലിൽ നിങ്ങളുടെ ശരീരത്തെ നിർമ്മലതയിൽ സൂക്ഷിക്കുന്നതെങ്ങനെയെന്നു നിങ്ങൾ അറിയണം. അല്ലെങ്കിൽ നിങ്ങൾ കർത്താവിനെ നിരാശപ്പെടുത്തും. ദൈവത്തെ അറിഞ്ഞിട്ടും പരാജയപ്പെട്ടുപോയ ആളുകളുടെ പരിതാപകരമായ ഉദാഹരണങ്ങളാണ് ശിംശോനും ദാവീദും. നാം ജീവിക്കന്ന ഈ നാളുകളിലും അവരെപ്പോലെയുള്ള അനേകരുണ്ട്.